എക്കാലവും ഇടതുപക്ഷത്ത്

# കറ പുരളാത്ത രാഷ്ട്രീയ വ്യക്തിത്വം : സി. ദിവാകരൻ

രാഷ്ട്രീയ ലേഖകൻ

കറപുരളാത്ത രാഷ്ട്രീയ ജീവിതത്തിനുടമയാണ് ആർ.എം. പരമേശ്വരനെന്ന് മുൻമന്ത്രിയും എ.ഐ. റ്റി.യു.സി. നേതാവുമായ സി. ദിവാകരൻ അഭിപ്രായപ്പെട്ടു. പൊതുജനങ്ങളുടെ ഹൃദയങ്ങളിൽ പ്രത്യേകമായ ഒരിടം അദ്ദേഹം നേടിയെടുത്തു. അപൂർവ്വങ്ങളിൽ അത്യപൂർവ്വമായ രാഷ്ട്രീയ വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്, ദിവാകരൻ തുടർന്നു.

ട്രേഡ് യൂണിയൻ രംഗത്ത് അരന്നൂറ്റാണ്ട് പിന്നിട്ട ആർ.എം. പരമേശ്വരന് ശ്രംയോഗി ബന്ധു സമ്മാൻ പുരസ്ക്കാരം സമ്മാനിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എന്റെ രാഷ്ട്രീയ ജീവിതത്തിലെ ആഹ്ളാദകരമായ നിമിഷമാണിത്. ഒരുപാട് ഓർമ്മകൾ ഇരമ്പിയെത്തുന്നു. യൂണിവേഴ്സിറ്റി കോളേജിൽ ഞാൻ പഠിക്കുമ്പോൾ ഒരു ഇന്റർ കൊളീജിയറ്റ് ഡിബേറ്റിൽ എം.ജി. കോളേജിനെ പ്രതിനിധീകരിച്ച ആർ.എം. പരമേശ്വരനുമായി ഞാൻ എറ്റുമുട്ടി. പരമേശ്വരൻ ജയിച്ച ആ മത്സരത്തിൽ എനിക്ക് കിട്ടിയത് വട്ടപൂജ്യം, ദിവാകരൻ തുടർന്നു.

എക്കാലവും ഇടതുപക്ഷ നേതാവായി മാത്രമെ പരമേശ്വരനെ താൻ കണ്ടിട്ടുള്ളൂ. ബേബിജോണും കെ. പങ്കജാക്ഷനും കെ.സി. വാമദേവനുമൊക്കെ ഉൾപ്പെട്ട വൻനിര ആർ.എസ്. പി. അടക്കി വാഴുമ്പോഴാണ് അദ്ദേഹം ആ പാർട്ടിയിലേയ്ക്ക് വന്നത്. എറണാകുളത്ത് എല്ലാ വ്യവസായ സ്ഥാപനങ്ങളിലും അദ്ദേഹം യൂണിയനുണ്ടാക്കി.

ആർ.എസ്. പി. പിളർന്നപ്പോൾ തൃദീപ് കുമാർ ചൗധരി നേതൃത്വം നൽകിയ ഔദ്യോഗിക ആർ. എസ്. പിയിൽ അദ്ദേഹം നിലയുറപ്പിച്ചു. അന്ന് ബംഗാളിൽ ജ്യോതി ബാസുവിനെക്കാൾ ശക്തനായിരുന്നു തൃദീപ് കുമാർ. ഔദ്യോഗിക ആർ.എസ്. പിയുടെ കേരളത്തിലെ സെക്രട്ടറിയായിരുന്നു ആർ.എം. പരമേശ്വരൻ എങ്കിലും



ട്രേഡ് യൂണിയനിലായിരുന്നു അദ്ദേഹം സജീവ ശ്രദ്ധ പതിപ്പിച്ചിരുന്നത്.

ഇന്ന് ട്രേഡ് യൂണിയൻ പ്രവർത്തനം പ്രതിസന്ധിയിലാണ്. തൊഴിലാളികളുടെ അവകാശങ്ങൾ ഒന്നൊന്നായി നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. 300 തൊഴിലാളികൾവരെയുള്ള വ്യവസായ യൂണിറ്റുകൾ അടച്ചു പൂട്ടിയാൽ ബാഹ്യ ഇടപെടൽ പാടില്ലെന്നാണ് പുതിയ നിയമം. മിക്ക സംസ്ഥാനങ്ങളിലെയും മഹാഭൂരിപക്ഷം വ്യവസായ യൂണിറ്റുകളിലും 300 തൊഴിലാളികളാകും ഉണ്ടാകുക. അതിനാൽ പുതിയ നിയമം ഇൻഡ്യയിലെ തൊഴിലാളികളെ സമ്പൂർണ്ണമായി ചങ്ങലക്കിടുന്നു. ബഹുജനങ്ങളും തൊഴിലാളികളുമായുള്ള ബന്ധം ശക്തമായാൽ മാത്രമേ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ കഴിയൂ. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ബോണസ്സ് കിട്ടാൻ കുട്ടനാട്ടിലെ കർഷക തൊഴിലാളികൾ രംഗത്തുവന്നത് ഓർക്കുക. ബഹുജന–തൊഴിലാളി ബന്ധത്തിലൂടെ പുതിയ രാഷ്ട്രീയ നേതൃത്വം ഉരുത്തിരിഞ്ഞു വരണം.

പാർലമെന്ററി ജനാധിപത്യത്തിലെ അടിമകളായി മാറിയിരിക്കുകയാണ്. ജനങ്ങൾ. തൊഴിലാളി സമരങ്ങൾ ഉണ്ടാകണം. ബി.എം.എസ്സിൽപോലും വലിയ ആഭ്യന്തര കലഹങ്ങൾ നടക്കുകയാണ്. ഒരു വലിയ സമരത്തിന് തുടക്കം കുറിക്കണം. വർഗ്ഗീയത മുതലാക്കി ഭരണം തുടരാമെന്നാണ് ഭാവമെങ്കിൽ രാജ്യം ശിഥിലമാകും.

ഒരു യൂണിയനും ഇല്ലാതിരുന്ന കാലത്ത് ലോകമാന്യ തിലകനെ ജയിലിലടച്ചപ്പോൾ മുംബൈയിലെ ലക്ഷക്കണക്കിന് ടെക്സ്റ്റൈൽ തൊഴിലാളികളാണ് തെരുവിലിറങ്ങിയത്.

ആ സമരം ഏഴ് ദിവസം നീണ്ടു നിന്നു. ഇന്നാകട്ടെ തൊഴിലാ

**ആർ.എം. പരമേശ്വരൻ ട്രേഡ് യൂണിയൻ രംഗത്ത് അര നൂറ്റാണ്ട് പിന്നിടുമ്പോൾ ഒരിക്കലും കറപുരളാത്ത രാഷ്ട്രീയ വ്യക്തിത്വത്തിന്റെ വളർച്ചയാണ് കേരളം കണ്ടതെന്ന് എ.ഐ.റ്റി.യു.സി നേതാവ് സി. ദിവാകരൻ. ജനഹൃദയങ്ങളിൽ അദ്ദേഹം സ്ഥാനം നേടി. എക്കാലവും ഇടതുപക്ഷനേതാവായി മാത്രമെ അദ്ദേഹത്തെ കണ്ടിട്ടുള്ളുവെന്നും തന്റെ ഉറ്റ സുഹൃത്തിനെക്കുറിച്ച് ദിവാകരൻ പറഞ്ഞു. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ആരംഭവേളയിൽ ഓർമ്മകൾ ഇരമ്പുകയായിരുന്നു.**






ളികളുടെ ഇടപെടൽ ദുർബലമാകുന്നതായി ജനങ്ങൾ സംശയിക്കുന്നു. എനിക്ക് ഒരു സന്ദേശമേ നൽകാനുള്ളൂ. ആർ.എം. പരമേശ്വരന് ഇ.എം.എസ്., കെ. കരുണാകരൻ തുടങ്ങിയ സമുന്നനത നേതാക്കളുമായി നല്ല ബന്ധം ഉണ്ടായിരുന്നു. ഇന്ന് അദ്ദേഹം ഐ.എൻ.റ്റി.യു.സി.യിലാണ്. ഏതിലായാലും എനിക്ക് അദ്ദേഹം ആർ.എം.പി..യാണ്. അദ്ദേഹത്തിന് ദീർഘായുസ്സ് നേരുന്നു, ദിവാകരൻ ഉപസംഹരിച്ചു.

കായംകുളം യൂനുസ് മുഖ്യപ്രഭാഷണം നടത്തി. കറയറ്റ ട്രേഡ് യൂണിയൻ നേതാക്കളുടെ പട്ടിക ആർ.എം. പരമേശ്വരനോടെ അവസാനിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. നൂറിലേറെ യൂണിയനുകൾക്ക് നേതൃത്വം നൽകുന്ന ആർ.എം. പരമേശ്വരന്റെ പ്രവർത്തനം മറ്റൊരു രംഗത്തായിരുന്നെങ്കിൽ അദ്ദേഹം അതി പ്രശസ്തനാകുമായിരുന്നു. എത്ര സമുന്നത പദവിയും വഹിക്കാനുള്ള കർമ്മശേഷി അദ്ദേഹത്തിനുണ്ടായിരുന്നുവെന്നും യൂനുസ് പറഞ്ഞു.

മാഹിൻ അബൂബേക്കർ (എസ്.റ്റി.യു) ജയകുമാർ (ബി.എം.എസ്.), ദുര്യോധനൻ (മദ്യനിരോധന സമിതി), മനോജ് ഷിരൂർ, കണ്ണൂർ ബോബി, കായ്പ്പാടി നൗഷാദ് തുടങ്ങിയവർ പ്രസംഗിച്ചു. അനന്തപുരം പൗരസമിതിയും ആർ.എം. പരമേശ്വരന് ആശംസകൾ നേർന്നു.

സുവർണ്ണ ജൂബിലി ആഘോഷ കമ്മറ്റി ജനറൽ കൺവീനർ പി. സുധാകരൻ ആദ്ധ്യക്ഷം വഹിച്ചു. സന്തോഷ് എസ്. മിതൃമ്മല സ്വാഗതം പറഞ്ഞു.